**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2758** **14-09-2023 - ൽ മറുപടിയ്ക്ക്**

**കേരള ഓട്ടോമൊബൈൽ ലിമിറ്റഡിന്റെ വാഹന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഓട്ടോമൊബൈൽ ലിമിറ്റഡിന്റെ (കെ.എ.എൽ.) മേൽനോട്ടത്തിൽ സംസ്ഥാനത്ത് ഇലക്ട്രിക് സ്കൂട്ടർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | **ഉണ്ട്. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ലോഡ്സ് മാർക്ക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് ഇലക്ട്രിക് സ്കൂട്ടറുകൾ നിർമ്മിക്കുന്നതിനായി ഒരു സംയുക്ത സംരംഭം ആരംഭിക്കുന്നതിനായി ധാരണാപത്രം ഒപ്പ വയ്ക്കുകയുണ്ടായി. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ സ്ഥാപിക്കുവാൻ പോകുന്ന പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം അടുത്ത സാമ്പത്തിക വർഷത്തോടെ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.** |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് ഇതുവരെയായി എത്ര ഇലക്ട്രിക് ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് നാളിതുവരെ 230 ഇലക്ട്രിക് ഓട്ടോറിക്ഷകൾ വിറ്റഴിച്ചിട്ടുണ്ട്. ഇതു കൂടാതെ complete knocked down കണ്ടീഷനിലുള്ള 66 ഇലക്ട്രിക് ഓട്ടോറിക്ഷകളും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് വിറ്റഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ